# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 530

06.02.2013-ൽ മറുപടിക്ക്

## തിരുവല്ല താലൂക്ക് റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി

**ചോദ്യം**

ശ്രീ. രാജു എബ്രഹാം

**മറുപടി**

ശ്രീ. സി.എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദി ഗ്രാമവ്യവസായവും
മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി)

(എ) തിരുവല്ല താലൂക്ക് റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി ക്ളിപ്തം നമ്പർ.എ 253 എന്നാണ് പ്രവർത്തനം ആരംഭിച്ചത് ; ഇതിനോടനുബന്ധിച്ചുള്ള ലാറ്റക്സ് ഫാക്ടറിയുടെ പ്രവർത്തനം എന്നാരംഭിച്ചു ; തുടക്കത്തിൽ എത്ര ജീവനക്കാരാണുണ്ടായിരുന്നത്; ഇപ്പോൾ എത്ര ജീവനക്കാർ ഉണ്ട് ;

(എ) 11.04.1967-ലാണ് പ്രവർത്തനം ആരംഭിച്ചത്. ലാറ്റക്സ് ഫാക്ടറിയുടെ പ്രവർത്തനം 11.11.1993-ൽ ആരംഭിച്ചു. തുടക്കത്തിൽ 29 ജീവനക്കാരുണ്ടായിരുന്നു. ഇപ്പോൾ 10 ജീവനക്കാർ ഉണ്ട്.

(ബി) പ്രസ്തുത ഫാക്ടറി ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ എന്നു മുതലാണ് സ്ഥിരമായി പ്രവർത്തിക്കാതായത് ; കാരണമെന്ത് ;

(ബി) പ്രവർത്തിക്കുന്നില്ല. 2006 മുതലാണ് പ്രവർത്തിക്കാതായത്. പ്രവർത്തിക്കാത്തതിന്റെ കാരണം സാമ്പത്തിക പ്രതിസന്ധിയാണ്.

(സി) പ്രസ്തുത ഫാക്ടറിയിലെ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഇ.പി.എഫ്. തുക ഏതുമാസം വരെ പിടിച്ചിരുന്നു ; ഈ തുക ഇ.പി.എഫിൽ അടച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) 2009 മെയ് മാസം വരെ ഇ.പി.എഫ്. തുക പിടിച്ചിരുന്നു. 2003 മാർച്ച് മാസം വരെ കുടിശ്ശികയില്ലാതെ തുക അടച്ചിട്ടുണ്ട്. 2003 ഏപ്രിൽ മുതൽ 2009 മെയ് മാസം വരെ 2,61,551/- രൂപ ജീവനക്കാരിൽ നിന്നും പിടിക്കുകയും സംഘത്തിന്റെ വിഹിതം ഉൾപ്പെടെ 5,23,102/- രൂപ ഇ.പി. എഫിൽ അടയ്ക്കാനുള്ളതിൽ

4,29,311/- രൂപ അടച്ച്. ബാക്കി 93,791/- രൂപ അടയ്ക്കാൻ ബാക്കി നിൽപ്പുണ്ട്. സാമ്പത്തിക പരാധീനത മൂലം ഈ തുക അടയ്ക്കാൻ കഴിഞ്ഞിട്ടില്ല.

(ഡി) ഇതിനോടകം എത്ര ജീവനക്കാരാണ് ഇവിടെ നിന്നും വിരമിച്ചിട്ടുള്ളത് ; ഇവരുടെ ഇ.പി.എഫ്. ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തു കൊണ്ട് ; ജീവനക്കാരുടെ ഇ.പി.എഫ്. വിഹിതം ശമ്പളത്തിൽ നിന്നും പിടിച്ചിട്ടും ഇ.പി.എഫിൽ അടയ്ക്കാതിരു ന്നതിന്റെ കാരണം വിശദമാക്കാമോ ; ആരാണ് ഇതിനുത്തരവാദികൾ ;

(ഡി) 8 ജീവനക്കാർ ഇവിടെ നിന്നും വിരമിച്ചിട്ടുണ്ട്. ഇ.പി.എഫ്. ആനുകൂല്യ ങ്ങൾ നൽകുന്നതിന് സംഘം ഇ.പി.എഫ് ഡിപ്പാർട്ട്മെന്റിനോട് ശുപാർശ ചെയ്തി ട്ടുണ്ട്. ജീവനക്കാരുടെ വിഹിതവും സംഘത്തിന്റെ വിഹിതവും ഇ.പി.എഫ്. അക്കൗണ്ടിൽ വകയിരുത്തിയിട്ടുണ്ടെ ങ്കിലും ടി തുക സാമ്പത്തിക പരാധീനത മൂലം ഇ.പി.എഫിലേയ്ക്ക് അടച്ചിട്ടില്ല. സംഘത്തിന്റെ ചീഫ് എക്സിക്യൂട്ടീവാണ് ആയതിനുത്തരവാദി.

(ഇ) പണാപഹരണം നടത്തിയതു സംബ ന്ധിച്ച് കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ട് മെന്റിലെ അസിസ്റ്റന്റ് രജിസ്ട്രാർ മുതലായവർക്ക് പരാതി ലഭിച്ചിട്ടും നടപടി എടുക്കാതിരുന്നത് എന്തു കൊണ്ട് ; ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പിടിച്ച തുക തിരികെ ഇവർക്ക് നൽകുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ; പണാപഹരണത്തിന് ഉത്തരവാദികളാ യവർക്കെതിരെ എന്ത് നടപടി എടുക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഇ) പണാപഹരണം സംബന്ധിച്ചുള്ള പരാതി നിലവിലില്ലെങ്കിലും സംഘത്തിലെ പ്രവർത്തനത്തിലെ കെടുകാര്യസ്ഥത സംബന്ധിച്ച് നടത്തിയ അന്വേഷണ ത്തിൽ, പ്രവർത്തനത്തിൽ കെടുകാര്യസ്ഥ തയില്ലെന്ന് പത്തനംതിട്ട ജോയിന്റ് രജിസ്ട്രാർ (ജനറൽ) ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. കൊപ്ര സംഭരണത്തിലെ ക്രമക്കേട് സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടന്നു വരികയാണ്. ഇ.പി.എഫ്. ഒഴികെ മറ്റൊരു തുകയും ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് പിടിച്ചിട്ടില്ല. ഇ.പി.എഫിലേയ്ക്ക് അടച്ച തുക തിരികെ

ലഭിക്കുന്നതിന് ഇ.പി.എഫ് ഡിപ്പാർട്ട്മെന്റിലേയ്ക്ക് ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

(എഫ്) ഫാക്ടറി സ്ഥിതി ചെയ്യുന്ന സ്ഥലം പൊതുയോഗ തീരുമാനമോ മതിയായ രീതിയിൽ ടെൻഡർ വിളിക്കുകയോ ചെയ്യാതെ ദീർഘകാല വിളകൾക്ക് കൃഷി ചെയ്യാൻ കൊടുത്തതു സംബന്ധിച്ച് നൽകിയ പരാതിയിൽ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മല്ലപ്പള്ളി, ജോയിന്റ് രജിസ്ട്രാർ (ജനറൽ) പത്തനംതിട്ട എന്നിവർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; പ്രസ്തുത സ്ഥലം ജീവനക്കാർക്ക് കൃഷി ചെയ്യാൻ കൊടുക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

(എഫ്) പരാതിയിന്മേൽ നടത്തിയ അന്വേഷണത്തിൽ തരിശുഭൂമി കൃഷി ചെയ്യണമെന്നുള്ള കോട്ടാങ്ങൽ കൃഷി ആഫീസറുടെ 06.07.2011-ലെ നിർദ്ദേശ പ്രകാരമാണ് ഭരണസമിതി കൃഷി ചെയ്യുന്നതിന് പ്രാദേശിക ക്വട്ടേഷൻ ക്ഷണിച്ച് 6000/- രൂപയ്ക്ക് 3 വർഷത്തേയ്ക്ക് പാട്ടത്തിന് കൃഷി ചെയ്യുന്നതിന് നൽകിയിട്ടുള്ളത് എന്ന് കണ്ടെത്തിയിട്ടുണ്ട്. കപ്പ, വാഴ, പച്ചക്കറി, നെല്ല്, വെറ്റില എന്നിവയാണ് കൃഷി ചെയ്യുന്നത്. സംഘം എപ്പോൾ ആവശ്യപ്പെട്ടാലും നിരുപാധികമായി കൃഷി ഭൂമി വിട്ടു നൽകണമെന്ന വ്യവസ്ഥയിലാണ് നൽകിയിട്ടുള്ളത്. സംഘംസ്ഥലം കൃഷി ചെയ്യാൻ വ്യക്തികൾക്കോ ജീവനക്കാർക്കോ നൽകാൻ വ്യവസ്ഥയില്ലാത്തതിനാൽ മേൽ പ്രകാരം പാട്ടത്തിന് നൽകിയത് പരിശോധിക്കുന്നതാണ്. മേൽ കാരണങ്ങളാൽ ജീവനക്കാർക്ക് കൃഷി ചെയ്യാൻ നൽകണമെന്ന ആവശ്യം പരിഗണിക്കാൻ കഴിയില്ല.

സെക്ഷൻ ഓഫീസർ